# KERALA POLICE INFORMATION CENTRE

No.04/PR/PIC/PHQ/10 Date : 05/01/10

## വിദേശികളുടെ സന്ദർശനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

വിദേശികളുടെ ഇന്ത്യയിലേയ്ക്കുള്ള വരവ് വർഷംതോറും വർദ്ധിക്കുകയാണ്. ഇവിടെ വരുന്ന വിദേശികൾ പലരും ടൂറിസ്റ്റുകളായും, വ്യാപാര/തൊഴിൽ സംബന്ധമായിട്ടുള്ള വിഷയങ്ങൾക്കും, ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കുന്നതിനും മറ്റുമായി പലതരം ഉദ്ദേശങ്ങളോടെയാണ് വരുന്നത്. ഭീകരവാദ പ്രവർത്തനങ്ങളും മറ്റും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് വിദേശികളുടെ സുരക്ഷിതത്വത്തിനു പുറമെ അവരുടെ ഇവിടേയ്ക്കുള്ള വരവും പ്രവർത്തികളും അധികാരികൾ കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. 1946-ലെ ഫോറിനേഴ്സ് ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം ഏതൊരു വിദേശിയേയും പാർപ്പിക്കുന്ന ഹോട്ടലുകളും, ടൂറിസ്റ്റ് ഹോമുകളും, വീടുകൾ വാടകയ്ക്ക് നൽകുന്നവരും, മറ്റുതരത്തിൽ വാടക വാങ്ങി താമസ സൗകര്യങ്ങൾ നൽകുന്നവരും വിദേശികൾ വന്ന് താമസിക്കുന്ന വിവരം 24 മണിക്കൂറിനകം സ്ഥലത്തെ പോലീസ് സ്റ്റേഷൻ മുഖാന്തിരമോ അല്ലാതെയോ ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരും ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസർമാർ കൂടിയാണ്. ഇതിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ താമസിക്കാൻ വരുന്ന വിദേശി നൽകാനും ഈ വകുപ്പ് പ്രകാരം ബാധ്യസ്ഥനാണ്. ഇതിലേയ്ക്ക് 1992 ലെ രജിസ്ട്രേഷൻ ഓഫ് ഫോറിനേഴ്സ് റൂൾസ് 14-ാം വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫോറം സി പ്രകാരമാണ് വിവരങ്ങൾ നൽകേണ്ടത്. വിദേശിയുടെ പാസ്പോർട്ടിലെ പൂർണ്ണമായ വിവരങ്ങൾ, ഏതു സ്ഥലത്തുനിന്നും വരുന്നു, എപ്പോൾ, എന്ന് താമസ സൗകര്യം എടുത്തു, എത്രകാലയളവ് താമസിക്കുവാൻ ഉദ്ദേശിക്കുന്നു, തുടർന്ന് ഏതു സ്ഥലത്തേയ്ക്ക് പോകുന്നു, വിദേശിയുടെ വിസാ വിവരങ്ങൾ, സന്ദർശന ഉദ്ദേശം, ഏത് ദിവസം മടങ്ങിപോകുന്നതിന് ഉദ്ദേശിക്കുന്നു എന്നീ കാര്യങ്ങൾ ഫാറത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പ്രസ്തുത സി ഫോമിൽ അതിഥിയായ വിദേശിയും താമസസൗകര്യം നൽകുന്ന സ്ഥാപനത്തിന്റെ ചുമതലക്കാരനും ഒപ്പുകൾ രേഖപ്പെടുത്തിയിരിക്കണം. മേൽപ്പറഞ്ഞ വിവരങ്ങൾ നൽകുന്നതിന് വിദേശി ബാദ്ധ്യസ്ഥനും ഇല്ലെങ്കിൽ ആയത് ടിയാനോട് ആവശ്യപ്പെട്ട് രേഖപ്പെടുത്തേണ്ടതുമാണ്. ഈ കാര്യങ്ങൾ രേഖപ്പെടുത്തിയ സി ഫോം പ്രസ്തുത ഹോട്ടൽ/ഗസ്റ്റ് ഹൗസ്/വാടകയ്ക്ക് നൽകുന്ന ചുമതലക്കാർ സ്ഥലം പോലീസ് സ്റ്റേഷനിലും ഒരു കോപ്പി ജില്ലയിലെ ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസർക്കും അയച്ചുകൊടുക്കേണ്ടതാണ്. കൂടാതെ ഈ വിവരങ്ങൾ ഓൺലൈൻ ആയി ജില്ലയിലെ ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസറേയും (ജില്ലാ പോലീസ് സൂപ്രണ്ട്) അറിയിക്കാവുന്നതാണ്. സി ഫോം തയ്യാറാക്കി പോലീസിന് കൈമാറുന്നതിനോടൊപ്പം ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ റൂൾസ് 14 പ്രകാരം ഒരു രജിസ്റ്ററിൽ (ഫോറം എഫ്) എഴുതി സൂക്ഷിക്കേണ്ടതാണ്. ആ രജിസ്റ്റർ സ്ഥലത്തെ പോലീസ് ഉദ്യോഗസ്ഥനോ, ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസർക്കോ, മജിസ്ട്രേറ്റിനോ നേരിൽ പരിശോധന നടത്തുന്നതിന് അധികാരമുണ്ട്. ഇതിനു പുറമെ ഏതെങ്കിലും വിദേശി വ്യക്തിപരമായി ആരുടെയെങ്കിലും ആതിഥ്യം സ്വീകരിച്ച് താമസിക്കുകയാണെങ്കിലും പ്രസ്തുത അതിഥിയുടെ വിവരങ്ങൾ ആ വീട്ടുകാരോ, വ്യക്തിയോ മേൽപ്പറഞ്ഞ പ്രകാരം ഫോറിനേഴ്സ് രജിസ്ട്രേഷൻ ഓഫീസറേയോ സ്ഥലം പോലീസ് സ്റ്റേഷനിലോ അറിയിച്ചിരിക്കണം.

വിശദവിവരങ്ങൾ നൽകാതിരിക്കുന്നത് ടി ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ചുമതലക്കാർ/വ്യക്തികൾക്ക് അഞ്ചുവർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

The contents of this document may be deemed to be based on received information which is subject to further verification